ജലശുദ്ധീകരണശാല, ഉന്നതതല സംഭരണി എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിനൽകി ദർഘാസ് ക്ഷണിക്കുന്നതാണ്.

(ബി-ഡി) മംഗലം ഡാമിനകത്ത് ഇൻടേക്ക് വെൽ, ജലശുദ്ധീകരണ ശാല, ഉന്നതതല ജലസംഭരണി എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായിവരുന്ന അനുയോജ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം ഇറിഗേഷൻ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇതുപരിശോധിച്ചുവരുകയാണ്.

കനോലി കനാലിന് കുറുകെയുള്ള ലോക്ക് കം ബ്രിഡ്ജ് പദ്ധതി

174 (839) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി (CSIN) വകുപ്പുവഴി നബാർഡ് ധനസഹായത്തിനുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) 2015-16 വർഷത്തിൽ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ - സി) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിന് നബാർഡ് (RIDF XXI)-ന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി 21 കോടി രൂപയുടെ പദ്ധതി രൂപരേഖ വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. നബാർഡിന്റെ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

കടൽ തീരത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി

175 (840) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കരയിലെ കടൽത്തീരത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കരയിൽ സി.പി. 5915-നും 5941-നും ഇടയിൽ 8 ഗ്രോയിൻസുകളുടെ നിർമ്മാണത്തിനും അനുബന്ധപ്രവൃത്തികൾക്കുമായി 67 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് Flood Management Programme-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. മേൽപ്രവൃത്തിയുടെ അംഗീകാരത്തിനായി സ്റ്റേറ്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ഉടൻ ചേരുന്നതാണ്.

അട്ടർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ പദ്ധതികൾ

176 (841) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് മൈനർ ഇറിഗേഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അട്ടർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പേരുവിവരം വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ചു ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലത്ത് മൈനർ ഇറിഗേഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അട്ടർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും

177 (842) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദ മാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly